LIBRARY ARCHIVES Kerala Legislative Assembly

പീച്ചി ജലവൈദ്യുത പദ്ധതിയുടെ പ്രവർത്തന പുരോഗതി

198 (1162) ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ പീച്ചി ജലവൈദ്യുത പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്ക് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1.25 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള പീച്ചി ചെറുകിട ജലവൈദ്യുത പദ്ധതിയുമായി ബന്ധപ്പെട്ട് പദ്ധതി പ്രദേശത്തേക്കുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കൂടാതെ നിലവിലുള്ള ഇറിഗേഷൻ പൈപ്പ് മാറ്റി സ്ഥാപിക്കുന്ന ജോലി ജലവിഭവ വകുപ്പ് ഡെപ്പോസിറ്റ് വർക്കായി ചെയ്തു തീർത്തിട്ടുണ്ട്. പവർ ഹൗസിന്റെയും അനുബന്ധ പ്രവൃത്തികളുടെയും കരാർ പൊതുമേഖലാ സ്ഥാപനമായ M/s SILK-നാണ് നൽകിയിട്ടുള്ളത്. നിർമ്മാണ പ്രവർത്തനം 12-11-2010-ൽ ആരംഭിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ 18 മാസം കൊണ്ട് പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) ടി പദ്ധതിക്കു വേണ്ടി 10-2-2011 വരെ 1,29,67,040 രൂപ ചെലവഴിച്ചിട്ടുണ്ട്.

താനൂർ നിയോജക മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം

199 (1163) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി താനൂർ നിയോജകമണ്ഡലത്തിൽ ഇതിനകം നടന്ന പ്രവർത്തനങ്ങൾ എന്തൊക്കെ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇതിനായി ഇതിനകം എത്ര തുക ചെലവഴിച്ചു ; ഈ തുക ഏതൊക്കെ ഫണ്ടുകളിൽ നിന്നാണ് ലഭ്യമായത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് എപ്പോൾ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിക്കും ;

(ഡി) പ്രസ്തുത നിയോജകമണ്ഡലത്തിന്റെ തീരപ്രദേശങ്ങളിൽ നടന്ന വൈദ്യുതീകരണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ഇ) എത്ര വീടുകൾ വൈദ്യുതീകരിച്ചു ; ഇനി എത്ര വീടുകൾ വൈദ്യുതീകരിക്കാനുണ്ട് ; അവ എപ്പോൾ പൂർത്തിയാകും ; വിശദമാക്കുമോ ;

(എഫ്) ഇതിനായി എത്ര തുക ഇതിനകം ചെലവായി ; ഏതു ഫണ്ടാണ് ഇതിന് വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ ?